പുതിയതായി അനുവദിച്ച എയ്ഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ്

63 (3704) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4 വർഷം മുൻപ് സംസ്ഥാനത്ത് പുതിയതായി അനുവദിച്ച എയ്ഡഡ് കോളേജുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര തസ്തികകൾക്ക് പോസ്റ്റ് ക്രിയേഷൻ ഓർഡറുകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രീഡിഗ്രി കോഴ്സ് ഇല്ലാത്ത കോളേജുകളിൽ ആവശ്യമായ നിയമനം നടത്തുന്നതിന് പോസ്റ്റ് ക്രിയേഷൻ ഓർഡറുകൾ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1994-95-ലും 1995-96-ലും പ്രവർത്തനം ആരംഭിച്ച 19 കോളേജുകളിൽ, ഓരോ കോളേജിനും 16 തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) എല്ലാ തസ്തികകൾക്കും പോസ്റ്റ് ക്രിയേഷൻ ഓർഡറുകൾ നൽകിയിട്ടുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ നിയമനം

64 (3705) ശ്രീ. പാലോട് രവി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. കെ. മണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപകരുടെയും ഇൻസ്ട്രക്ടർമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ ;

(സി) ഈ ഒഴിവുകളിൽ സ്ഥിര നിയമനം നടത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് കോടതികളിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(എഫ്) ഈ ഒഴിവുകളിൽ എന്നേക്ക് സ്ഥിര നിയമനം നടത്താനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ജി) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യയനം ആരംഭിച്ച് മാസങ്ങൾ കഴിഞ്ഞതിന് ശേഷം അദ്ധ്യാപകരെയും ഇൻസ്ട്രക്ടർമാരെയും നിയമിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് സ്ഥിരനിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1497 ഒഴിവുകൾ നിലവിലുണ്ട്.

(ബി)

ജില്ല	ഒഴിവ്
തിരുവനന്തപുരം	175
കൊല്ലം	112
ആലപ്പുഴ	76
പത്തനംതിട്ട	55
കോട്ടയം	127
ഇടുക്കി	70
എറണാകുളം	138
തൃശ്ശൂർ	152
പാലക്കാട്	101
മലപ്പുറം	148
കോഴിക്കോട്	127
വയനാട്	33
കണ്ണൂർ	95
കാസർഗോഡ്	88
ആകെ	**1497**

(സി) ഡിപ്പാർട്ടുമെന്റിനായുള്ള സ്പെഷ്യൽ റൂൾ നടപ്പിലാക്കാത്തതിനാലാണ് പി. എസ്.സി വഴിയുള്ള നിയമനം നടത്തുവാൻ സാധിക്കാത്തത്.

(ഡി) ഉണ്ട്. സ്റ്റുഡൻസ് ഇസ്ലാമിക് ഓർഗനൈസേഷൻ ഓഫ് ഇൻഡ്യയുടെ മലപ്പുറം ജില്ലാ കമ്മിറ്റി ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു കേസ് നിലവിലുണ്ട്. മലപ്പുറം ജില്ലയിലെ സ്കൂളിൽ സ്ഥിര നിയമനം നടത്താൻ വേണ്ട നിർദ്ദേശം നൽകാനാണ് കോടതിയോട് അപേക്ഷിച്ചിരിക്കുന്നത്. യുക്തമായ തീരുമാനം മൂന്നു മാസത്തിനകം എടുക്കണമെന്ന് കുറ്റിപ്പുറം റീജിയണൽ അസിസ്റ്റന്റ് ഡയറക്ടറോട് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നാൽ മാത്രമേ സ്ഥിര നിയമനം നടത്താനാകുകയുള്ളൂ.

(ജി) ഡെപ്യൂട്ടേഷൻ വഴി അദ്ധ്യാപകരെയും ഇൻസ്ട്രക്ടർമാരേയും നിയമിക്കുന്നുണ്ട്.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

65 (3706) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ സ്ഥിര ജീവനക്കാരെത്രയെന്നും താത്കാലിക നിയമനം ലഭിച്ചവർ എത്രയെന്നും വിശദമാക്കുമോ ;

(സി) ഇപ്പോൾ ഈ സർവ്വകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ എത്ര ഒഴിവുകളുണ്ട് ;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) താത്കാലിക നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് നിയമനത്തിനായി എഴുത്തു പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ജി) എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ; ഈ ലിസ്റ്റിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(എച്ച്) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നട പടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഐ) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 80 ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉണ്ട്.

(ബി) എല്ലാവരും താൽക്കാലിക ജീവനക്കാരാണ്.

(സി) 80 ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly